ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 08.05.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1) മന്ത്രിസഭ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ സംസ്ഥാനത്ത് ഊർജ്ജിതം. മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ കോൺഗ്രസ് നേതൃത്വം രണ്ട് ദിവസത്തിനകം തീരുമാനം പ്രഖ്യാപിക്കും,
2) തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിന് മാർഗ്ഗമൊരുങ്ങുന്നു. ടിവികെ-യ്ക്ക് പിന്തുണ അറിയിച്ച് സിപിഎമ്മും, സിപിഐ-യും.
3) പശ്ചിമബംഗാളിൽ, മുതിർന്ന ബിജെപി നേതാവ് സുവേന്ദു അധികാരി മുഖ്യമന്ത്രിയാവും. സത്യപ്രതിജ്ഞ ചടങ്ങ് കൊൽക്കത്തയിൽ നാളെ.
4) ജെൻഡർ ടിക്കറ്റിങ് നടപ്പാക്കാനൊരുങ്ങി ¬കെ എസ് ആർ ടി സി.
5) സംസ്ഥാനത്ത് വേനൽമഴ കനക്കുന്നു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6) ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

•

മുഖ്യമന്ത്രി ചർച്ചകൾ (ഇൻട്രോ)

കേരളത്തിൽ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ ഊർജ്ജിതം. പുതിയ മുഖ്യമന്ത്രി ആരെന്നുള്ള തീരുമാനം കോൺഗ്രസ് നേതൃത്വം രണ്ട് ദിവസത്തിനുള്ളിൽ പ്രഖ്യാപിച്ചേക്കും. ഇക്കാര്യത്തിൽ എഐസിസി നിരീക്ഷകർ നിയുക്ത എംഎൽഎ മാരുടെയും ഘടകകക്ഷി നേതാക്കളുടെയും അഭിപ്രായം ആരാഞ്ഞ് ഹൈക്കമാൻഡിന് റിപ്പോർട്ട് സമർപ്പിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയിസ്)**

**തമിഴ്നാട്**

തമിഴ്നാട്ടിൽ സർക്കാർ രൂപീകരണത്തിന് മാർഗ്ഗമൊരുങ്ങുന്നു. നടൻ വിജയ് നേതൃത്വം നൽകുന്ന ടി.വി.കെ യ്ക്ക് സിപിഐ-യും, സിപിഎമ്മും പിന്തുണ അറിയിച്ചു. വിസികെ യുടെ തീരുമാനവും വൈകാതെ പ്രഖ്യാപിക്കും. 118 എംഎൽഎ മാരുടെ പിന്തുണയാണ് ഭൂരിപക്ഷത്തിന് വേണ്ടത്. 108 സീറ്റിൽ വിജയിച്ച് ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറിയ ടി.വി.കെ യ്ക്ക് കോൺഗ്രസിൻ്റെ 5 എംഎൽഎമാർ ഇതിനകം തന്നെ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. CPI യ്ക്കും, CPM-നും VCK-യ്ക്കും രണ്ട് എംഎൽഎമാർ വീതമാണുള്ളത്. സർക്കാർ രൂപീകരണത്തിന്

അനുമതി തേടി തമിഴ് വെട്രി കഴകം അധ്യക്ഷൻ വിജയ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി ഇന്ന് വീണ്ടും കൂടിക്കാഴ്ച നടത്തുമെന്ന റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്. .

**പശ്ചിമബംഗാൾ**

പശ്ചിമബംഗാളിൽ, മുതിർന്ന ബിജെപി നേതാവ് സുവേന്ദു അധികാരി മുഖ്യമന്ത്രിയാവും. കൊൽക്കത്തയിൽ ഇന്ന് ചേർന്ന ബിജെപി നിയമസഭ കക്ഷി യോഗം സുവേന്ദു അധികാരിയെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തു. പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞ കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നാളെ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങി മുതിർന്ന ബിജെപി നേതാക്കൾ ചടങ്ങിൽ പങ്കെടുക്കും.

**തിരഞ്ഞെടുപ്പ് കമ്മീഷൻ**

2026-ലെ നിയമസഭാ തിരഞ്ഞെടുപ്പുകളുടെയും ഉപതിരഞ്ഞെടുപ്പുകളുടെയും സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകളും ഇൻഡക്സ് കാർഡുകളും ECINET ആപ്പിൽ പ്രസിദ്ധീകരിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ . വോട്ടർമാരുടെ എണ്ണം, പോളിംഗ് ശതമാനം, പാർട്ടി അടിസ്ഥാനത്തിലുള്ള

വോട്ട് വിഹിതം, സ്ഥാനാർത്ഥികളുടെ വിവരങ്ങൾ തുടങ്ങിയവ റിപ്പോർട്ടിലുണ്ട്. ഫലം പ്രഖ്യാപിച്ച് വെറും 72 മണിക്കൂറിനുള്ളിൽ ഈ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് ഇതാദ്യമായാണെന്ന് കമ്മീഷൻ വ്യക്തമാക്കി .

## രാജ്നാഥ് സിംഗ്- ടി.എം.ആർ

രാജ്യത്തിന്റെ ശാക്തീകരണവും സുരക്ഷയും, അതിർത്തി സംരക്ഷണത്തിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും അത് സമൂഹത്തിന്റെയും പരിസ്ഥിതിയുടെയും പൗരന്മാരുടെയും സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് . ന്യൂഡൽഹിയിൽ തിരംഗ മൗണ്ടൻ റെസ്ക്യൂ സംഘം പത്ത് വർഷം പൂർത്തിയാക്കിയതിന്റെ ആഘോഷ പരിപാടിയിൽ ഇന്ത്യൻ സൈന്യത്തോടൊപ്പം പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഹിമാലയം പോലെ ശക്തമായ മഞ്ഞുവീഴ്ചയുണ്ടാകുന്ന ഇടങ്ങളിലെ രക്ഷാപ്രവർത്തനത്തിൽ സായുധ സേനയ്ക്ക് വലിയ പിന്തുണ നൽകുന്ന കരുത്തുറ്റ പ്രവർത്തനമാണ് ടി.എം.ആർ നടത്തുന്നതെന്ന് ശ്രീ രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു .

## അന്തർ മന്ത്രാലയ സമ്മേളനം

പശ്ചിമേഷ്യൻ പ്രതിസന്ധികൾക്കിടയിലും രാജ്യത്ത് ഗാർഹിക പാചകവാതക വിതരണം സുഗമമാണെന്നും ഒരിടത്തും ദൗർലഭ്യമില്ലെന്നും കേന്ദ്ര പെട്രോളിയം മന്ത്രാലയം

. കഴിഞ്ഞ രണ്ട് ദിവസത്തിനുള്ളിൽ 57 ലക്ഷം എൽ.പി.ജി സിലിണ്ടറുകൾ വിതരണം ചെയ്തതായും പെട്രോൾ, ഡീസൽ എന്നിവയ്ക്ക് രാജ്യത്ത് ഒരിടത്തും ക്ഷാമമില്ലെന്നും ന്യൂഡൽഹിയിൽ നടന്ന വാർത്താ സമ്മേളനത്തിൽ പെട്രോളിയം മന്ത്രാലയം സെക്രട്ടറി സുജാത ശർമ്മ വ്യക്തമാക്കി. ഗൾഫ് മേഖലയിലുള്ള ഇന്ത്യൻ നാവികർ സുരക്ഷിതരാണെന്നും ഇതുവരെ 3,019 പേരെ സുരക്ഷിതമായി നാട്ടിലെത്തിച്ചതായും ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചു. ഗൾഫ് രാജ്യങ്ങളുമായി സർക്കാർ നിരന്തര സമ്പർക്കം തുടരുന്നതായും, വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്നലെ യുഎഇയിൽ ഔദ്യോഗിക സന്ദർശനം നടത്തിയതായും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

**കെ എസ് ആർ ടി സി ജെൻഡർ ടിക്കറ്റിങ്**

ജെൻഡർ ടിക്കറ്റിങ് നടപ്പാക്കാനൊരുങ്ങി കെ എസ് ആർ ടി സി. ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ വഴി ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ പുരുഷൻ, സ്ത്രീ എന്നു രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം നാളെ മുതലാണ് പ്രാബല്യത്തിൽ വരിക. ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ യാത്രക്കാരുടെ ജെൻഡർ ഉചിതമായി രേഖപ്പെടുത്തണമെന്നാണ് നിർദ്ദേശത്തിൽ പറയുന്നത്.

## കാട്ടുപോത്തുകൾ ഇറങ്ങി

പത്തനംതിട്ട ജില്ലയിൽ വെച്ചൂച്ചിറ,നാറാണംമൂഴി പഞ്ചായത്തുകളിൽ കാട്ടുപോത്തുകൾ ഇറങ്ങി. ഇന്ന് ഉച്ചയോടെയാണ് ശബരിമല വനഭാഗം കടന്ന് കാട്ടുപോത്തിൻകൂട്ടം ജനവാസ മേഖലയിൽ എത്തിയത്. വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രദേശത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്. വെച്ചൂച്ചിറ,നാറാണംമൂഴി പഞ്ചായത്തുകളിൽ ജാഗ്രതാ നിർദേശം നൽകിയിരിക്കുകയാണ്.

## ചാലക്കുടിപ്പാലം (ഇൻട്രോ )

ചാലക്കുടി പാലം നാളെ മുതൽ 20 ദിവസത്തേക്ക് അടച്ചിടും . ചാലക്കുടിപ്പുഴയ്ക്കു കുറുകെ ദേശീയപാതയിൽ തൃശൂർ ഭാഗത്തേക്കു വാഹനങ്ങൾ പോകുന്ന പാലമാണ് അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നത്

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ് (വോയിസ് )

## കവടിയാർ - അപകടം

തിരുവനന്തപുരം കവടിയാറിൽ വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരു മരണം. ഫുട്ട്പാത്തിലൂടെ നടക്കുകയായിരുന്ന പാലക്കാട് സ്വദേശി

നൗഷിജയാണ് മരിച്ചത്. അമിത വേഗതയിൽ നിയന്ത്രണം തെറ്റിയെത്തിയ കാർ ഫുട്ട്പാത്തിലേക്ക് കയറിയ ശേഷം മറ്റ് വാഹനങ്ങളിൽ ഇടിക്കുകയായിരുന്നു. അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റു.

❁❁❁❁❁❁❁❁❁❁❁❁❁

**റേഡിയോ നാടകോത്സവം**

ആകാശവാണി സംഘടിപ്പിക്കുന്ന അഖില കേരള റേഡിയോ നാടകോത്സവത്തിന് മറ്റന്നാൾ തുടക്കം. ഈ മാസം 18 വരെ നീളുന്ന 9 ദിവസത്തെ നാടകോത്സവത്തിൽ, നടൻ മോഹൻലാലും ചലച്ചിത്ര, നാടകരംഗത്തെ നിരവധി പ്രമുഖരും ഭാഗമാകുന്നുണ്ട്. ആകാശവാണിയുടെ കേരളനിലയങ്ങൾ രാത്രി 9.30-ന് നാടകങ്ങൾ പ്രക്ഷേപണം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

**ആകാശവാണി സംഗീതകച്ചേരി**

ആകാശവാണി 90-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി, തിരുവനന്തപുരം നിലയം, ശ്രീ ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റിൻറെ സഹകരണത്തോടെ ഈ മാസം 12 ന് സംഗീതകച്ചേരി സംഘടിപ്പിക്കുന്നു. ശ്രീവരാഹം ചെമ്പൈ മെമ്മോറിയൽ ഹാളിൽ വൈകിട്ട് 6 മണിക്കാണ് പരിപാടി. പന്തളം എസ് നവീൻ, ഉഡുപ്പി എസ്

ശ്രീജിത്, ചേർത്തല ജി കൃഷ്ണകുമാർ, അഞ്ചൽ എച്ച് കൃഷ്ണയ്യർ എന്നിവർ കച്ചേരി അവതരിപ്പിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## സിയാൽ കാർഗോ

പശ്ചിമേഷ്യൻ പ്രതിസന്ധികൾക്കിടയിലും കാർഗോ മേഖലയിൽ ശക്തമായ വളർച്ച കൈവരിച്ച് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. ഗൾഫ് മേഖലയിലേക്കുള്ള കയറ്റുമതി സുഗമമാക്കാൻ ആവിഷ്കരിച്ച പദ്ധതികളിലൂടെ 10 ശതമാനം വർധനയാണ് ഈ സാമ്പത്തിക വർഷം സിയാൽ കൈവരിച്ചത്. കാർഗോ വരുമാനം 53 കോടിയോളം രൂപയായി ഉയരുകയും ചെയ്തിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## കാലാവസ്ഥ

സംസ്ഥാനത്ത് വേനൽമഴ കനക്കുന്നു. ചൊവ്വാഴ്ച്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. 9 ജില്ലകളിൽ നാളെയും, ഏഴ് ജില്ലകളിൽ മറ്റന്നാളും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30നു ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 516 പോയിന്റ് താഴ്ന്ന് 77,328 ലും,നിഫ്റ്റി 151 പോയിന്റ് നഷ്ടത്തിൽ 24,176 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണവില കുറഞ്ഞു. പവന് 240 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,960 രൂപയും ,ഗ്രാമിന് 13,995 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## സൈബർ തട്ടിപ്പ് അറസ്റ്റ്

രാജ്യവ്യാപകമായി നടന്ന ഡിജിറ്റൽ അറസ്റ്റ്, സൈബർ ട്രേഡിംഗ് തട്ടിപ്പ് കേസുകളിലെ മുഖ്യ പ്രതികൾ തെലുങ്കാനയിൽ അറസ്റ്റിലായി. കൊച്ചി സിറ്റി സൈബർ ക്രൈം പൊലീസ് നടത്തിയ പരിശോധനയിലാണ് പ്രതികൾ പിടിയിലായത്. ഡിജിറ്റൽ അറസ്റ്റ് കേസിൽ, ഹൈദരാബാദിൽ പ്രവർത്തിക്കുന്ന ശാന്തൻ ആർട്സ്

ആൻറ് പ്രിൻറേഴ്സ് ഉടമ നിരഞ്ജൻ ചൗധരിയെയും, ടെലഗ്രാം ട്രേഡിംഗ് സൈബർ തട്ടിപ്പ് കേസിൽ സയ്യിദ് ഹസൻ അലിയെയും ആണ് അറസ്റ്റ് ചെയ്തത്.

നെടുങ്കണ്ടം – കൊലപാതകം

നെടുങ്കണ്ടം പച്ചടി ഇരട്ടക്കൊലപാതക കേസിലെ പ്രതി സജി അച്ഛനെയും കൊന്നു കുഴിച്ചുമൂടിയെന്ന് സംശയം. ഇതേതുടർന്ന് പുരയിടം കുഴിച്ച് തെളിവെടുപ്പും പരിശോധനയും ആരംഭിച്ചു. എട്ടുവർഷം മുമ്പാണ് സജിയുടെ പിതാവ് മാത്യുവിനെ കാണാതായത്. അമ്മയെയും സഹോദരനെയും കൊലപ്പെടുത്തി കുഴിച്ചുമൂടിയ സംഭവത്തിൽ ഏതാനും ദിവസം മുമ്പാണ് സജി അറസ്റ്റിലായത്

ആത്മഹത്യ ഭീഷണി

വി ഡി സതീശനെ മുഖ്യമന്ത്രി ആക്കണമെന്ന ആവശ്യവുമായി കോട്ടയം കുറുപ്പന്തറയിൽ കോൺഗ്രസ് പ്രവർത്തകൻ പെട്രോൾ ദേഹത്തൊഴിച്ച് ആത്മഹത്യ ഭീഷണി മുഴക്കി. കോൺഗ്രസ് പ്രവർത്തകൻ പ്രിൻസ് താഴക്കത്തടമാണ് രാവിലെ 10 മണിയോടെ കുറുപ്പന്തറ ടൗണിൽ ആത്മഹത്യാ ഭീഷണി മുഴക്കിയത്.